രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-02-2017.

ഫയൽ നം.91116/എസ്റ്റാ.ഡി.1/2013/ധന. ഇനം നം: 697

വിഷയം : ധനകാര്യ വകുപ്പ് - കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് എയിംസിലൂടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ സമർപ്പിക്കുന്നതിനായി ഒരു ഏകീകൃത ഫോർമാറ്റ് സ്വീകരിക്കുന്നതിനും 2017-18 സാമ്പത്തിക വർഷം മുതൽ ഈ ഫോർമാറ്റ് നിർബന്ധമാക്കാനും അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

# കേരള സർക്കാർ
## ശ്രീ.പിണറായി വിജയൻ മന്ത്രിസഭ
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 9116/എസ്റ്റ.ഡി-1/2013/ധന |
| 2 | വകുപ്പ് | : | ധനകാര്യ വകുപ്പ് |
| 3 | വിഷയം | : | കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് എജീസിലൂടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ സമർപ്പിക്കുന്നതിനായി ഒരു ഏകീകൃത ഫോർമാറ്റ് സ്വീകരിക്കുന്നതിനും 2017-18 സാമ്പത്തിക വർഷം മുതൽ ഈ ഫോർമാറ്റ് നിർബന്ധമാക്കാനും അനുമതി നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തിയതി | : | 06/01/17 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഫയൽ ധനകാര്യ വകുപ്പിലാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | എ.എം.ജാഫർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ: കെ എം എബ്രഹാം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തിയതി | : | 18/01/17 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | എസ്.എം. വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തിയതി | : | 31/01/17 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.റ്റി.എം.തോമസ് ഐസക് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തിയതി | : | 23/01/17 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തിയതി | : | 02/02/17 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തിയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തിയതിയും | : | |

# <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യപത്രിക എയിംസിലൂടെ (AIMS) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനായി ഒരു ഏകീകൃത ഫോർമാറ്റ് സ്വീകരിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കർത്തവ്യ നിർവ്വഹണ പ്രവർത്തനങ്ങളുടെ പൂർണ്ണമായ സാങ്കേതികവൽക്കരണത്തിനുള്ള വെബ് അധിഷ്ഠിത പരിഹാരമാണ് എയിംസ് (AIMS)-ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം. സ്ഥാപനങ്ങളുടെ അക്കൗണ്ട്സ് വകുപ്പിന് ഓൺലൈനായി സമർപ്പിക്കുക, ഓഡിറ്റ് പ്രവർത്തന രൂപരേഖ തയ്യാറാക്കുക, ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കുക, ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുക, റിപ്പോർട്ടിന്മേൽ നടപടി ഉറപ്പുവരുത്തുക, റിപ്പോർട്ട് തീർപ്പാക്കുക എന്നിങ്ങനെയുള്ള പൂർണ്ണ ഓഡിറ്റ് പ്രവർത്തന ചക്രത്തിലെ വകുപ്പിന്റെ എല്ലാ കർത്തവ്യ നിർവ്വഹണ ആവശ്യകതയും പൂർണ്ണമായും തൃപ്തികരമായും സഫലീകരിക്കാൻ എയിംസ് സഹായിക്കുന്നു.

തദ്ദേശ സ്വയം ഭരണ സർക്കാരുകളുടെ അക്കൗണ്ടുകളുടെ ഓൺലൈൻ സമർപ്പണവും ഓഡിറ്റും എയിംസ് വഴി പൂർണ്ണമായും വിജയകരമായും നടപ്പിലാക്കി കഴിഞ്ഞു. എന്നാൽ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളുടെ കാര്യത്തിൽ, അവയുടെ അക്കൗണ്ടിംഗ് ഫോർമാറ്റിൽ ഐക്യരൂപം ഇല്ലാത്തതിനാൽ ഇത് എയിംസിന് അനുരൂപമാകുന്നില്ല. ഈ സാഹചര്യത്തിൽ, കേരളത്തിലെ സർവ്വകലാശാലകളുടെ അക്കൗണ്ടിംഗ് ഫോർമാറ്റുകൾ സമന്വയിപ്പിക്കുന്നതിനും വാർഷിക ധനകാര്യ പത്രികയുടെ സമർപ്പണം സുഗമമാക്കുന്നതിനുമായി ഒരു ഏകീകൃത ഫോർമാറ്റ് രൂപീകരിക്കുവാൻ തീരുമാനിക്കുകയും 29.02.2016 ലെ സ.ഉ (സാധാ) നം. 1898/2016/ധന നമ്പർ ഉത്തരവ് പ്രകാരം ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, കേരള, കൊച്ചി, കോഴിക്കോട് സർവ്വകലാശാലകളിലെ ഫിനാൻസ് ഓഫീസർമാർ എന്നിവർ അംഗങ്ങളായും ഇതിനായി ഒരു വിദഗ്ധസമിതി രൂപീകരിക്കുകയും ചെയ്തു.

പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ കരട് ഫോർമാറ്റ് എല്ലാ സർവ്വകലാശാലകളുടേയും ഫിനാൻസ് ഓഫീസർമാർക്ക് നൽകി അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് 'F2' ഷെഡ്യൂളിൽ ഒരു പൊതുഫോർമാറ്റ് രൂപീകരിക്കുകയും ചെയ്തു. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം എന്നിവ അനുശാസിക്കുന്ന പ്രകാരം സർവ്വകലാശാലകളുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിനോടൊപ്പം ചില ചെറിയ മാറ്റങ്ങളോടെ ടി കരട് ഫോർമാറ്റ് സ്വീകരിക്കാവുന്നതാണെന്ന് 09.09.2016-ൽ ചേർന്ന സ്റ്റാൻഡേർഡൈസേഷൻ കമ്മിറ്റിയുടെ അഞ്ചാമത് യോഗത്തിൽ തീരുമാനിച്ചു. കെ.എഫ്.സി വാല്യം I, ആർട്ടിക്കിൾ 209, 210 എന്നിവയിലെ വ്യവസ്ഥകളോടൊപ്പം സർവ്വകലാശാലകളുടെ വാർഷിക ധനകാര്യ പത്രിക പ്രസ്തുത ഫോർമാറ്റിൽ എയിംസിലൂടെ സമർപ്പിക്കേണ്ടത് നിർബന്ധമാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം മുതൽ എല്ലാ സർവ്വകലാശാലകളും തങ്ങളുടെ വാർഷിക ധനകാര്യ പത്രിക ഈ ഏകീകൃത ഫോർമാറ്റ് പ്രകാരം സമർപ്പിക്കുവാൻ നിഷ്കർഷിക്കാനും ശുപാർശ ചെയ്തു.

മേൽ വിഷയം തീരുമാനത്തിനായി മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി അംഗീകാരം നൽകിയിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

I. കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യപത്രിക എയിംസിലൂടെ (AIMS) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനായി വിദഗ്ധസമിതി സമിതി തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന ഏകീകൃത ഫോർമാറ്റ് സ്വീകരിക്കുന്നതിന് അനുമതി നൽകാമോ?

II. കേരളത്തിലെ സർവ്വകലാശാലകൾ വാർഷിക ധനകാര്യപത്രിക കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് എയിംസിലൂടെ (AIMS) ഈ ഏകീകൃത ഫോർമാറ്റിൽ സമർപ്പിക്കുന്നത്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലും 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന നിർബന്ധിത വെളിപ്പെടുത്തലുകൾക്ക് ഉപരിയായി, 2017-18 സാമ്പത്തിക വർഷം മുതൽ നിർബന്ധമാക്കാമോ?